ശരിയല്ല. മറാഠി സമുദായത്തിന് ഉണ്ടെന്നുപറയുന്ന പുരോഗതി പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിച്ചിരുന്നതുകൊണ്ട് മാത്രമാണ് ഈ സാമ്പത്തികനേട്ടവും ആനുകൂല്യങ്ങളും സാമൂഹ്യമായിട്ടുള്ള പുരോഗതിയും അവർക്ക് നേടാൻ കഴിഞ്ഞത്. അതുകൊണ്ട് കാസർഗോഡ് ജില്ലയിലെ മറാഠി വിഭാഗക്കാരെ കർണ്ണാടകത്തിലെ മറാഠി വിഭാഗക്കാരെപ്പോലെ തന്നെ കണക്കാക്കി വീണ്ടും ഇവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുത്തണം എന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും അപേക്ഷിക്കുകയാണ്. അതിനനുസരിച്ചുള്ള ഒരു റിപ്പോർട്ട് ഏറെക്കുറെ ഇപ്പോൾ കിർത്താഡ്സ് രൂപപ്പെടുത്തിത്തരും എന്നാണ് വിശ്വസിക്കുന്നത്.

(13) മണൽവാരൽ നിരോധനം

ശ്രീമതി പി. അയിഷാ പോറ്റി : സർ, കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കട പഞ്ചായത്തിൽ ആറ്റുകടവിൽനിന്നുള്ള മണൽവാരൽ പൂർണ്ണമായി രണ്ടുമാസമായി നിരോധിച്ചിരിക്കുകയാണ്. ഇതുമൂലം തൊഴിലാളികൾ മുഴുവൻ പട്ടിണിയിലും, നിർമ്മാണമേഖല പൂർണ്ണമായും സ്തംഭനത്തിലുമാണ്. ഇതിനൊരു പരിഹാരമായി നിയമാനുസൃതം ഒഴുകിവരുന്ന മണൽ വാരാനുള്ള പാസ്സ് നൽകിക്കൊണ്ട് മണൽ വാരൽ നിരോധനം പിൻവലിക്കണം. ഈ മണൽവാരി, കൊടുക്കുമ്പോഴും യഥാർത്ഥത്തിൽ തൊഴിലാളികൾക്ക് മൂവായിരത്തി അഞ്ഞൂറോ,നാലായിരമോ രൂപയാണ് കൊടുക്കേണ്ടത്. പക്ഷേ പൊതുജനങ്ങളിൽനിന്നും 15,000 രൂപ മുതൽ 20,000 രൂപ വരെ വാങ്ങുന്ന ഒരു സ്ഥിതിയുണ്ട്. ഇത്തരത്തിൽ മണലിന് അധിക വില ഈടാക്കുന്നത് തടയുന്നതിന് അടിയന്തിരമായി നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, നദീതീര സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് മൺസൂൺ കാലയളവിൽ ആറ്റുമണൽ ഖനനത്തിന് നിരോധനം ഏർപ്പെടുത്തിവരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് കൊല്ലം ജില്ലയിലൂടെ ഒഴുകിവരുന്ന ഇത്തിക്കര-കല്ലട നദികളിൽ ബന്ധപ്പെട്ട അംഗീകൃത കടവുകളിൽനിന്നുള്ള മണൽ ഖനനം 2010 ജൂൺ 15 മുതൽ ജൂലൈ 14 വരെ നിരോധിച്ചിട്ടുള്ളത്. തുടർന്ന് 13-7-2010-ൽ കൂടിയ ജില്ലാതല വിദഗ്ദ്ധ സമിതിയോഗത്തിന്റെ തീരുമാനപ്രകാരം നിരോധനം ജൂലൈ 31 വരെ നീട്ടുകയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് 1 മുതൽ നിരോധനം നീക്കുന്നതാണ്; നിയമാനുസൃതം മണലെടുക്കാൻ അനുവദിക്കുന്നതുമാണ്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ മാഫിയാ സംഘങ്ങൾ വലിയ തോതിൽ മണലിന് വിലകൂട്ടി നിയമവിരുദ്ധമായി വിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ജില്ലാകളക്ടറേയും പോലീസ് വകുപ്പിനേയുമൊക്കെ അറിയിച്ച് തടയാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(14) ആദിവാസികൾക്ക് ഭൂമി ലഭിക്കുന്നതിനുള്ള വരുമാനപരിധി

ശ്രീ. എ. പി. അനിൽകുമാർ : സർ, ആദിവാസികളുമായി ബന്ധപ്പെട്ട ഒരു വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly